**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.715** 29.09.2016 -ൽ **മറുപടിക്ക്**

## കരമന-കളിയിക്കാവിള ദേശീയപാത വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**,, കെ.മുരളീധരൻ**<br>**,, എം. വിൻസെന്റ്**<br>**,, കെ.എസ്.ശബരീനാഥൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കരമന-കളിയിക്കാവിള ദേശീയ പാതയുടെ രണ്ടാംഘട്ട വികസനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) രണ്ടാംഘട്ടത്തിൽ ഭൂമിയേറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനുമായി എത്ര തുകയാണ് ഈ സർക്കാർ കൈമാറിയിട്ടുള്ളത്; | (എ) & (ബി) കരമന - കളിയിക്കാവിള ദേശീയപാതയുടെ ഒന്നാം ഘട്ടം - രണ്ടാം റീച്ചിന്റെ (പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ ) വികസനം സംബന്ധിച്ച് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പിന് 266 കോടി രൂപ വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്കായി 150 കോടി രൂപ അനുവദിച്ചിരുന്നു. ശേഷിയ്ക്കുന്ന 116 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ് നിർമ്മാണത്തിനായി 176 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാന സർക്കാർ 2016-17 റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ 200 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവർത്തി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലമെടുപ്പ് പൂർത്തിയാക്കി KIIFB വഴി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിച്ച് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത ദേശീയപാതയുടെ മൂന്നാംഘട്ട വികസനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) ഉണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ വികസനത്തിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് (കരട്) പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് (പി.പി.യു) തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**